"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് ജില്ലയിലെ കാവശ്ശേരി കെ സി പി ഹയർ സെക്കന്ററി സ്കൂളിലെ പ്രിൻസിപ്പൽ ശ്രീമതി. രാജശ്രീ. എം ന് ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ തസ്തികയിലേയ്ക്ക് മടങ്ങി വരാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.5212/2022/GEDN തീയതി,തിരുവനന്തപുരം, 30-08-2022

---

പരാമർശം:-

1. പാലക്കാട് ജില്ലയിലെ കാവശ്ശേരി കെ സി പി ഹയർ സെക്കന്ററി സ്കൂളിലെ പ്രിൻസിപ്പൽ ശ്രീമതി. രാജശ്രീ. എം ന്റെ 09/02/2022 ലെ അപേക്ഷ.
2. പൊതു വിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കന്ററി വിഭാഗം) ന്റെ 12/04/2022 തീയതിയിലെ എസിഡി എ2/236201/2022/എച്ച് എസ്സ് ഇ നമ്പർ കത്ത്.
3. പാലക്കാട് ജില്ലാ മെഡിക്കൽ ബോർഡിന്റെ 23/12/2015 തീയതിയിലെ 1882/2015 നമ്പർ മെഡിക്കൽ സർട്ടിഫിക്കറ്റ്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കാവശ്ശേരി കെ.സി.പി ഹയർ സെക്കന്ററി സ്കൂളിലെ പ്രിൻസിപ്പൽ ശ്രീമതി.രാജശ്രീ.എം മാനസിക വെല്ലുവിളി നേരിടുന്ന തന്റെ മകൻ മാസ്റ്റർ. ശ്രീരാഗ്.എം ന്റെ തുടർ ചികിത്സയ്ക്കും ബുദ്ധിപരമായ പുരോഗതിയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും ടിയാളുടെ സാമീപ്യം ആവശ്യമായതിനാൽ ടിയാളെ 01/06/2022 തീയതി മുതൽ ഹയർ സെക്കന്ററി ടീച്ചർ തസ്തികയിലേയ്ക്ക് മടങ്ങി വരാൻ അനുമതി നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാമർശം 1 അപേക്ഷ പൊതു വിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കന്ററി വിഭാഗം) പരാമർശം 2 പ്രകാരം ശിപാർശ ചെയ്ത് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ടി അപേക്ഷയോടൊപ്പം സമർപ്പിച്ച പരാമർശം 3 മെഡിക്കൽ സർട്ടിഫിക്കറ്റിൽ മാസ്റ്റർ. ശ്രീരാഗ്.എം 60% മാനസിക വെല്ലുവിളി നേരിടുന്ന കുട്ടിയാണെന്ന് പാലക്കാട് ജില്ലാ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

2 .സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അച്ചടക്ക നടപടിയുടെ ഭാഗമായോ, തസ്തികയുടെ അഭാവത്തിലോ അല്ലാതെ ഒരു ഉദ്യോഗസ്ഥനെ അപേക്ഷയുടെ അടിസ്ഥാനത്തിൽ ടിയാന്റെ ഉയർന്ന തസ്തികയിൽ നിന്ന് താഴ്ന്ന തസ്തികയിലേക്ക് തരം താഴ്ത്തി(reversion) നിയമിക്കാൻ നിലവിൽ ചട്ടങ്ങളോ വ്യവസ്ഥകളോ ഇല്ല. എന്നിരുന്നാലും 60% മാനസിക വെല്ലുവിളി നേരിടുന്ന തന്റെ മകന്റെ തുടർ ചികിത്സയ്ക്കും ബുദ്ധിപരമായ പുരോഗതിയ്ക്ക് പ്രത്യേക പരിശീലനം നൽകുന്നതിനും ടിയാളുടെ സാമീപ്യം ആവശ്യമാണെന്ന് ടിയാൾ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ മാനുഷിക പരിഗണന അർഹിക്കുന്നതായി ബോധ്യപ്പെടുന്നതിനാൽ ടിയാളുടേത് സ്വന്തം ആവശ്യപ്രകാരമുള്ള റിവേർഷനായി കണക്കാക്കി തുടർന്നുള്ള സേവന കാലയളവിലൊരിക്കലും വീണ്ടും പ്രിൻസിപ്പൽ പ്രൊമോഷന് അർഹതയുണ്ടായിരിക്കുന്നതല്ലെന്നും ഇതൊരിക്കലും കീഴ്വഴക്കമാകാൻ പാടില്ല എന്നുമുള്ള വ്യവസ്ഥയിൽ പാലക്കാട് ജില്ലയിലെ കാവശ്ശേരി കെ

സി പി ഹയർ സെക്കന്ററി സ്കൂളിലെ പ്രിൻസിപ്പൽ ശ്രീമതി. രാജശ്രീ. എം ന് ടിയാളുടെ മാതൃ തസ്തികയായ ഹയർ സെക്കന്ററി സ്കൂൾ ടീച്ചർ തസ്തികയിലേക്ക് 01/06/2022 തീയതി പ്രാബല്യത്തിൽ മടങ്ങിവരാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

പൊതു വിദ്യാഭ്യാസ ഡയറക്ടർ(ഹയർ സെക്കന്ററി വിഭാഗം), തിരുവനന്തപുരം.
ഹയർ സെക്കന്ററി വിദ്യാഭ്യാസ മേഖലാ ഉപ മേധാവി, മലപ്പുറം.
ശ്രീമതി. രാജശ്രീ. എം, പ്രിൻസിപ്പൽ, കെ സി പി ഹയർ സെക്കന്ററി സ്കൂൾ,
കാവശ്ശേരി, പാലക്കാട്
മാനേജർ,കെ സി പി ഹയർ സെക്കന്ററി സ്കൂൾ, കാവശ്ശേരി, പാലക്കാട് .
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ&ഇ, ആഡിറ്റ്), തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിയ്ക്കാൻ)
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 31-08-2022 10:55:59**
സെക്ഷൻ ഓഫീസർ